**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1019** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പ്രത്യേക രക്ഷാപ്രവർത്തന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്കെത്തിച്ച് കൊടുക്കുക, വിവിധ ഏജൻസികളെ കോർത്തിണക്കിക്കൊണ്ട് രക്ഷാ പ്രവർത്തനം ഏകോപിപ്പിയ്ക്കുക എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ട്. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവ യുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിയ്ക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു കൊടുക്കുന്നതിന് ഫിഷറീസ് കൺട്രോൾ റൂമുകൾ സഹായിക്കുന്നു. ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ എന്നിവ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിയ്ക്കുന്ന മത്സ്യബന്ധന യാനങ്ങളെയെല്ലാം കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ കൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന ശ്രമകരമായ പ്രവൃത്തിയും കൺട്രോൾ റൂമുകൾ നിർവ്വഹിക്കുന്നുണ്ട്. ആയതിലേയ്ക്ക് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് മറ്റ് ദുരന്തനിവാരണ ഏജൻസികൾ എന്നിവ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം/ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവൃത്തി നടന്നു വരുന്നുണ്ട്. നിലവിൽ 6682 മോട്ടോറൈസ്ഡ് യാനങ്ങളിലും, 2682 മെക്കനൈസ്ഡ് യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്. യാനങ്ങളുടെ സ്ഥാനം, വേഗത, ദിശ, തിരിച്ചറിയൽ വിവരങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്ന തിനും ട്രാൻസ്പോണ്ടറുകൾ ഉപയോഗി ക്കുന്നു. ഇവ യാനങ്ങൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കാനും കടൽ ഗതാഗതം സുരക്ഷിത മാക്കാനും യാനങ്ങളുടെ സഞ്ചാരം നിരീക്ഷിക്കാനും സഹായിക്കുന്നു.

കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച 'Bluetooth Low Energy' (BLE) സംവിധാനവും GPS ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യതൊഴിലാളികളുടെയും REAL TIME മോണിറ്ററിംഗ് സാദ്ധ്യമാക്കുന്നതിനും വേണ്ടി നീണ്ടകര കേന്ദ്രീകരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷ ഉറപ്പാക്കാനായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻ സുകളും, മറ്റു ജില്ലകളിൽ വാടകയ്ക്കെടുത്തു പ്രവർത്തിപ്പിയ്ക്കുന്ന 20 രക്ഷാബോട്ടുകളും 6 ഫൈബർ വള്ളങ്ങളും പ്രവർത്തിക്കുന്നുണ്ട്. 80 ഓളം ലൈഫ് ഗാർഡുമാരും 9 തീരദേശ ജില്ലകളിലായി പ്രവർത്തിച്ച് വരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് അപകടങ്ങൾ ഉണ്ടാകുമ്പോൾ അവരെ വളരെ വേഗം രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു കരട് SOP, ഫിഷറീസ് വകുപ്പ് തയ്യാറാക്കി, സ്റ്റേക്ക് ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്തി, അവരുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ഇതിന്റെ ഭാഗമായി ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പുതിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (എസ്.ഒ.പി.) നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യ ക്ഷമമാക്കുന്നതിനായി പുതിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

2026 ആഗസ്റ്റ് ആദ്യവാരം തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി എന്നീ സ്ഥലങ്ങളിലും കൊല്ലം ജില്ലയിലെ നീണ്ടകരയിലും ഉണ്ടായ കടലപകടങ്ങളിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതി നുള്ള തെരച്ചിൽ സംബന്ധമായ വിഷയം ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത യോഗത്തിൽ ഇത്തരം അടിയന്തിര സന്ദർഭങ്ങൾ നേരിടുന്നതിനായി വകുപ്പിന് സ്വന്തമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) ഉണ്ടാവണമെന്ന് നിർദ്ദേശമുണ്ടായി. ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് എന്നിവരുമായി കൂടി ആലോചിച്ച് ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) തയ്യാറാക്കി സമർപ്പിക്കുവാൻ ബഹു. ഫിഷറീസ് മന്ത്രി പ്രസ്തുത യോഗത്തിൽ വകുപ്പിനോട് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കുന്നതിനുവേണ്ടി ഒരു Standard Operating Procedure (SOP) രൂപീകരിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് അപകടങ്ങൾ ഉണ്ടാകുമ്പോൾ അവരെ വളരെ വേഗം രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു കരട് SOP, ഫിഷറീസ് വകുപ്പ് തയ്യാറാക്കി, സ്റ്റേക്ക് ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്തി, അവരുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**(സി)** കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനായി കടൽപരിചയവും പ്രാദേശിക അറിവും ഉള്ള 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കിയിട്ടുണ്ട്. ഇവരിൽ 876 പേർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകി യിട്ടുണ്ട്. ഇവരെ ഹാർബറുകളിൽ രക്ഷാ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. വകുപ്പ് തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP)-ന്റെ കരടിൽ രക്ഷാപ്രവർത്തനങ്ങൾക്ക് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്ന തിനും അവർക്ക് ആവശ്യമായ പരിശീല നങ്ങൾ നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**